ഹരിജൻ കോളനി നിവാസികൾക്ക് വൈദ്യുതി

1513. [2268] ശ്രീ. സി. കെ. തങ്കപ്പൻ :
,, ജി. വരദൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, ടി. കെ. ആറുമുഖൻ :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ കോളനി നിവാസികൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ ചെയ്തുകൊടുക്കുന്നത് ;

(ബി) ഹരിജൻ കോളനികളിലെ വീടുകളുടെ വയറിംഗ് നടത്തുന്നതിന് വീട്ടുടമകൾക്ക് തുക നൽകുകയാണോ അതോ സർക്കാർ ചെലവിൽ വയറിംഗ് നടത്തിക്കൊടുക്കുകയാണോ ചെയ്യുന്നത്?

ഉത്തരം

(എ) ഹരിജൻ കോളനി നിവാസികൾക്ക് വീട് വയറിംഗ് നടത്തുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾക്കുമായി 400 രൂപയോ ആകെ വന്നിട്ടുള്ള ചെലവോ ഇവയിൽ ഏതാണോ കുറവ്, അത് നൽകി വരുന്നു.

(ബി) വീട്ടുടമയ്ക്ക് തുക നേരിട്ടു നൽകുകയാണ് ചെയ്തു വരുന്നത്.

ദാരിദ്ര്യ വിമുക്തമാക്കപ്പെട്ട പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ

1514. [2269] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ ദാരിദ്ര്യ വിമുക്തമാക്കിയിട്ടുണ്ട്;

(ബി) 1982-83, 1983-84, 1984-85, 1985-86, 1986-87 എന്നീ ഓരോ വർഷവും ദാരിദ്ര്യവിമുക്തമാക്കപ്പെട്ട കുടുംബങ്ങൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1,99.419 പട്ടികജാതി കുടുംബങ്ങളെയും 15,275 പട്ടിക വർഗ്ഗ കുടുംബങ്ങളെയും ദാരിദ്ര്യ വിമുക്തമാക്കാൻ സഹായിച്ചിട്ടുണ്ട്.

(ബി) ദാരിദ്ര്യ വിമുക്തമാക്കാൻ സഹായം നൽകപ്പെട്ട കുടുംബങ്ങളുടെ എണ്ണം താഴെക്കൊടുക്കുന്നു.

വർഷം	പട്ടികജാതി കുടുംബങ്ങൾ	പട്ടികവർഗ്ഗ കുടുംബങ്ങൾ	ആകെ
1982-83	37804	2745	40549
1983-84	55778	1487	57265
1984-85	63836	5249	69085
1985-86	31073	4515	35588
1986-87	19363 (1986 ഒക്ടോബർ വരെ)	1641 (1986 ഒക്ടോബർ വരെ)	21004

LIBRARY ARCHIVES Kerala Legislative Assembly